# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(Present: K Gopalakrishnan IAS)

**Proceedings No: SCDD/2820/2024-B3 (EDN B)**
**Dated: 26-09-2024**

വിഷയം:- പട്ടികജാതി വികസനം - ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം - **2024-25** വർഷം പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

**1)** സർക്കാർ ഉത്തരവ് (സാധാ) നം. **1292/2022**/പജ.പവ.വിവ, തീയതി : **16.12.2022**

**2)** സർക്കാർ കത്ത് നം. എ**2/154/2022-**പജ.പവ.വിവ, തീയതി : **09.05.2024**

**3)** സർക്കാർ ഉത്തരവ് (സാധാ) നം. **286/2024**/പജ.പവ.വിവ, തീയതി : **17.05.2024**

***

വിവിധ പരീക്ഷകൾക്ക് ഉയർന്ന മാർക്കു വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി **(Special Incentive Scheme for SC Students)** പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും നിരക്കും പരിഷ്കരിച്ചു കൊണ്ട് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവാകുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ പരാമർശം **(2)** പ്രകാരം സ്പഷ്ടീകരണം നൽകുകയും ചെയ്തിരുന്നു. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയ്ക്കായി **2024-25** വർഷം **8.50** കോടി രൂപ ചെലവഴിക്കുന്നതിന് പരാമർശം **(3)** പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ **2024-25** വർഷത്തെ പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി **(Special Incentive Scheme for SC Students)** ചുവടെ പറയും പ്രകാരം രണ്ടു ഘട്ടമായി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഒന്നാം ഘട്ടം - **2024** ആഗസ്റ്റ് **20** മുതൽ ഒക്ടോബർ **15** വരെ
രണ്ടാം ഘട്ടം - **2024** ഡിസംബർ **1** മുതൽ **2025** ജനുവരി **15** വരെ

**2023-24** അക്കാഡമിക് വർഷം പാസായ പരീക്ഷകൾക്കു മാത്രമേ **2024-25** ലെ പദ്ധതി പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ. വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട **SCDO** മാർ അപേക്ഷ പരിശോധിച്ച് അർഹത നിർണ്ണയിക്കേണ്ടതും തുക വിതരണം ചെയ്യേണ്ടതുമാണ്. <u>ഓൺലൈൻ അപേക്ഷയുടെ വിജ്ഞാപന പ്രകാരമുള്ള തീയതിക്കു ശേഷം മറ്റു വിധത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.</u>

പ്രത്യേക പ്രോത്സഹാന സമ്മാന പദ്ധതി **(Special Incentive Scheme for SC Students)** യുടെ മറ്റു നിബന്ധനകൾ ചുവടെ ചേർക്കുന്നു.

## A. പൊതുവായ മാനദണ്ഡങ്ങൾ

1. **പത്താം ക്ലാസ് / പ്ലസ് ടു:** സംസ്ഥാനത്തിനകത്ത് സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും **MRS** ലും സ്റ്റേറ്റ് സിലബസിൽ പഠിക്കുന്നവർക്ക മാത്രമായിരിക്കും **Special Incentive Scheme** പ്രകാരം തുക അനുവദിക്കുന്നത്.

2. **ഡിപ്ലോമാ കോഴ്സുകൾ:** **2** വർഷം കാലാവധിയുള്ളതും **AICTE** അംഗീകാരമുള്ളതുമായ റഗുലർ മെഡിക് ഡിപ്ലോമ കോഴ്സുകൾക്ക് മാത്രമായിരിക്കും **Special Incentive Scheme** പ്രകാരം തുക അനുവദിക്കുന്നത്.

3. പ്രത്യേകമായി പരാമർശിച്ചവ ഒഴികെ സംസ്ഥാനത്തിനകത്തുള്ള മറ്റെല്ലാ കോഴ്സുകൾക്കും **Special Incentive Scheme** പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നതിന് പ്രസ്തുത കോഴ്സ് ഇ-ഗ്രാന്റ്സ് മാനദണ്ഡപ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ളതായിരിക്കണം.

4. മാർക്കും ഗ്രേഡും ഒന്നിച്ച് രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകളിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹത നിർണ്ണയിക്കേണ്ടതാണ്.

## B. സമയക്രമം

| ഘട്ടം | അപേക്ഷ സമർപ്പിക്കുന്നതിന് | അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് | അലോട്ട്മെന്റ് വിതരണം ചെയ്യുന്നതിന് | തുക വിതരണം പൂർത്തീകരിക്കുന്നത് |
|---|---|---|---|---|
| ഒന്നാം ഘട്ടം | **2024 August 20 to October 15** | **2024 October 31** | **2024 November 1** | **2024 November 15** |
| രണ്ടാം ഘട്ടം | **2024 December 1 to 2025 January 15** | **2025 January 31** | **2025 February 1** | **2025Februray 15** |

1. ഓരോ ഘട്ടത്തിലും സൈറ്റിൽ ലഭ്യമാകുന്ന അപേക്ഷകൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് തീർപ്പാക്കണം. നിശ്ചയിക്കപ്പെട്ട അന്തിമ സമയ പരിധിക്കുള്ളിൽ ലോഗിനിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പ് കൽപ്പിച്ചിരിക്കണം.

2. അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അന്തിമ സമയപരിധി അവസാനിച്ചതിനു ശേഷം അടുത്ത ദിവസം ഇ-ഗ്രാന്റ്സ് പോർട്ടലിലെ സ്റ്റാറ്റസ് അനുസരിച്ചായിരിക്കും അലോട്ട്മെന്റ് വിതരണം ചെയ്യുന്നത്. തീർപ്പ് കൽപ്പിക്കാത്ത അപേക്ഷകളുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട **SCDO** മാർക്ക് ആയിരിക്കും.

## C. മാന്വൽ ജാതി സർട്ടിഫിക്കറ്റ്

പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി **(Special Incentive Scheme for SC Students)** പ്രകാരമുള്ള അപേക്ഷകളിൽ ജാതി വിവരങ്ങൾ **e-district** സംവിധാനത്തിലൂടെ ഓൺലൈനായിട്ടാണ് വാലിഡേറ്റ് ചെയ്യുന്നത്. മാന്വലായി മാത്രം ജാതി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള വിദ്യാർഥികൾ പ്രസ്തുത മാന്വൽ സർട്ടിഫിക്കറ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസ്/ **SCDO** ഓഫീസ് മുഖേന വാലിഡേറ്റ് ചെയ്ത് ഡേറ്റാ കാർഡ് ജനറേറ്റ് ചെയ്യേണ്ടതും ഡേറ്റാ കാർഡിലെ നമ്പറും കോഡും ഉപയോഗിച്ച് ഓൺലൈൻ അപേക്ഷാ നടപടികൾ പൂർ ത്തീകരിക്കേണ്ടതുമാണ്. മാന്വൽ സർട്ടിഫിക്കറ്റ് മാത്രമുള്ള വിദ്യാർഥികൾക്ക് മാന്വലായി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി പ്രത്യേകം അലോട്ട്മെന്റ് അനുവദിക്കുന്നതല്ല.

## D. അപ്രൂവൽ/ റിജക്ഷൻ/ റിവേർഷൻ

1. അപേക്ഷകരുടെ താമസ സ്ഥലമോ സ്ഥാപനത്തിന്റെ ലോക്കേഷനോ അനുസരിച്ച് അപേക്ഷകൾ അയക്കുന്നതിന് ഓഫീസ് പരിധി നിശ്ചയിച്ചിട്ടില്ല. അപേക്ഷ അയക്കുന്നതിനുള്ള ഓഫീസ് സെലക്ട് ചെയ്യുവാൻ വിദ്യാർഥികൾക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ വിലാസം സ്വന്തം ഓഫീസ് പരിധിയിലല്ല എന്ന കാരണത്താൽ ഒരു **SCDO** ഓഫീസിൽ ലഭിച്ച അപേക്ഷകൾ റിജക്ട് ചെയ്യാനോ മറ്റൊരു ഓഫീസിലേക്ക് അയക്കാനോ പാടില്ല. സംസ്ഥാനത്ത് എവിടെയും അപേക്ഷ ലഭ്യമാകുന്ന **SCDO** അത് പരിശോധിക്കേണ്ടതും മറ്റ വിധത്തിൽ അർഹതയുള്ള പക്ഷം അപ്രൂവൽ നൽകി തുക വിതരണം ചെയ്യേണ്ടതുമാണ്.

2 . അപേക്ഷയുടെയും മാർക്ക് ലിസ്റ്റിന്റെയും ഹാർഡ് കോപ്പി വിദ്യാർഥികൾ ഓഫീസിൽ നൽകിയില്ലെന്ന കാരണത്താൽ അപേക്ഷകൾ റിജക്ട് ചെയ്യുവാൻ പാടില്ല. ഓൺലൈനായി ലഭ്യമാകുന്ന എല്ലാ അപേക്ഷകളും നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധിച്ച് തീർപ്പ കൽപ്പിക്കണം. അപേക്ഷയുടെ ഹാർഡ് കോപ്പി ലഭ്യമാകാത്ത കേസുകളിൽ **SCDO** മാർ സൈറ്റിൽ ലഭ്യമാകുന്ന അപേക്ഷയുടേയും മാർക്ക് ലിസ്റ്റിന്റേയും പകർപ്പ് പ്രിന്റൌട്ട് എടുത്ത് സൂക്ഷിച്ചാൽ മതിയാകും. ഹാർഡ് കോപ്പി നൽകുന്ന വിദ്യാർഥികളോട് അപേക്ഷയുടെ പ്രിന്റൌട്ട്, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവ ഒഴികെ ഒരു രേഖയും ആവശ്യപ്പെടാൻ പാടില്ല.

3. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് മാത്രമായിരിക്കും വിദ്യാർഥികൾ സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത്. ജാതി വിവരങ്ങൾ **e-district** സംവിധാനം മുഖേന ഓൺലൈനായി ലഭ്യമാകും. ബാങ്ക് അക്കൌണ്ട് വിവരങ്ങൾ വിദ്യാർഥികൾ പ്രൊഫൈലിൽ അപ്ഡേറ്റ് ചെയ്യും. ആയതിനാൽ സ്പെഷ്യൽ ഇൻസെന്റീവ് അപേക്ഷകളിൽ ജാതി വിവരങ്ങൾ പരിശോധിച്ച ബോധ്യപ്പെട്ട ശേഷം മാർക്ക് ലിസ്റ്റ് പ്രകാരം അർഹമായ തുകയ്ക്ക് അപ്രൂവൽ നൽകേണ്ടതാണ്.

4. അപേക്ഷകളിൽ ന്യൂനത കാണുന്ന പക്ഷം ആയത് എഡിറ്റ്/ കറക്ട് ചെയ്യുന്നതിന് **SCDO** ലോഗിനിൽ ഓപ്ഷൻ ലഭ്യമാണ്. ഇതിനായി വിദ്യാർഥിയെ ഫോണിൽ വിളിച്ച് ആവശ്യമായ രേഖകൾ ലഭ്യമാക്കി പരിഹാരം കാണുന്നതിനു ശ്രമിക്കുക. കഴിയുന്നില്ലെങ്കിൽ മാത്രം അപേക്ഷ റിവേർട്ട് ചെയ്യുക. ഇപ്രകാരം റിവേർട്ട് ചെയ്യുന്ന അപേക്ഷകൾ രണ്ടു ദിവസത്തിനുള്ളിൽ പരിഹരിച്ച് തിരികെ അയക്കുന്നതിന് വിദ്യാർത്ഥികൾക്ക് **SMS** നൽകുന്നതാണ്.

5. മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം അപേക്ഷകൾ തീർപ്പ കൽപ്പിക്കുക. ഒരിക്കൽ തീർപ്പ കൽപ്പിച്ച അപേക്ഷകളുടെ മേൽ പിന്നീട് ഒരു കാരണവശാലും പുന:പരിശോധന അനുവദിക്കുന്നതല്ല.

## E. സ്കോളർഷിപ്പ് തുക

| കോഴ്സ് | A+ അല്ലെങ്കിൽ A ഗ്രേഡ് ഉള്ളവർക്ക് മാത്രം (മാർക്ക് ആണെങ്കിൽ 80% മുതൽ 100% വരെ) | വിവിധ വിഷയങ്ങളിൽ B ഗ്രേഡ് വരെ മാത്രം ലഭിക്കുന്നവർക്ക് (മാർക്ക് ആണെങ്കിൽ 60% മുതൽ 79% വരെ) |
|---|---|---|
| | ***Distinction*** | ***First Class*** |
| **SSLC** | **₹4000/-** | **₹2500/-** |
| **Plus Two, VHSE, Diploma, TTC, Polytechnic** ഉടങ്ങിയവ | **₹6000/-** | **₹3500/-** |
| ബിരുദതല കോഴ്സുകൾ | **₹7500/-** | **₹5000/-** |
| പ്രൊഫഷണൽ ബിരുദ കോഴ്സുകൾ | **₹9000/-** | **₹7500/-** |
| ബിരുദാനന്തര ബിരുദം/അതിനു മുകളിലുള്ള കോഴ്സുകൾ | **₹10000/-** | **₹7000/-** |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദം/അതിനു മുകളിലുള്ള കോഴ്സുകൾ | **₹12000/-** | **₹9000/-** |

*digitally approved by*
**K. GOPALAKRISHNAN IAS**
**DIRECTOR**

---

*Forwarded/ By Order*

Signed by
Ansari C S
Date: 27-09-2024 11:00:26
*Superintendent*

---

പകർപ്പ്:-
1) എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
2) രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം
3) സ്റ്റോക്ക് ഫയൽ / സ്പെയർ

---